**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **08-10-2021 - ൽ മറുപടിയ്ക്ക്**

**വടകര, പാലോളിപാലത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന്റെ തുടർപ്രവർത്തനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജക മണ്ഡലത്തിലെ പാലോളിപാലത്ത് സ്ഥിതിചെയ്യുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെൻറർ അടച്ചുപൂട്ടുന്നതിന് എൻ. സി. ടി. ഇ. അധികൃതർ യൂണിവേഴ്സിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോ എന്നത് അറിയിക്കാമോ ; | (എ) | പാലോളിപാലത്ത് സ്ഥിതിചെയ്യുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ അടച്ചുപൂട്ടുന്നതിന് ഔദ്യോഗികമായ അറിയിപ്പുകളൊന്നും എൻ. സി. ടി. ഇ. അധികൃതർ നൽകിയിട്ടില്ല. |
| (ബി) | സെൻററിന് സ്വന്തം പേരിൽ സ്ഥലം ഇല്ല എന്നതാണോ സെൻറർ അടച്ചുപൂട്ടുന്നതിന് കാരണങ്ങളിലൊന്നായി എൻ സി ടി ഇ അധികൃതർ ചൂണ്ടിക്കാണിച്ചത്; | (ബി) | പാലോളിപാലത്ത് സ്ഥിതിചെയ്യുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ അടച്ചുപൂട്ടുന്നതിന് ഔദ്യോഗികമായ അറിയിപ്പുകളൊന്നും എൻ. സി. ടി. ഇ. അധികൃതർ നൽകിയിട്ടില്ല. |
| (സി) | യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിനായി സ്ഥലം കൈമാറുന്നതിന് അനുമതി നല്കിക്കൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 30.11.2000-ൽ ഉത്തരവിറക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | അപ്രകാരം ഉത്തരവിറക്കി 20 വർഷം കഴിഞ്ഞിട്ടും ഭൂമി കൈമാറാനാകാതിരിക്കുന്നതിന് കാരണങ്ങളെന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിനായി ഭൂമി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | നിലവിൽ ഈ ഭൂമി യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അത് അടിയന്തിരമായി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | പാലോളിപാലത്തെ ഭൂമി കൈമാറുന്നതിന് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നും ഇല്ല. അടിയന്തിരമായി പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | സെൻററിന്റെ അനുമതി സംബന്ധിച്ച വിഷയത്തിൽ ഈ സെൻററിൽ മുൻകാലങ്ങളിൽ പഠിച്ച് ബിരുദം നേടിയവരും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നവരും ഇനി അഡ്മിഷൻ കാത്തിരിക്കുന്നവരും ഉൾപ്പെടെയുള്ള വിദ്യാർഥികളുടെയും അവരുടെ | (എഫ്) | പാലോളിപാലത്തെ ഭൂമി കൈമാറുന്നതിന് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നും ഇല്ല. അടിയന്തിരമായി പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | രക്ഷിതാക്കളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ